I ഇ.ബി. XV - കേരള നിയമസഭ/III-7

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 12, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

തീരദേശ പരിപാലന പദ്ധതി

മി. സ്പീക്കർ: 2019-ലെ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ

തയ്യാറാക്കാത്തതുമൂലം തുരുത്തുകളിലും തീരപ്രദേശങ്ങളിലും താമസിക്കുന്നവർക്ക് പ്രയോജനം ലഭ്യമാകാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നത് പരിസ്ഥിതി വകുപ്പാണ്. 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ഇതുസംബന്ധിച്ച മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും ആദ്യ കരട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിലെ അപാകതകൾ പരിഹരിക്കുന്നതിന് രൂപീകരിച്ച മൂന്നംഗ വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശപ്രകാരം 161 ഗ്രാമപഞ്ചായത്തുകളുടെ സി.ആർ.ഇസഡ്. കാറ്റഗറി മാറ്റുന്നതിനും വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വേമ്പനാട് കായലിന് സമഗ്രമായ

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): തീരദേശപരിപാലന പ്ലാൻ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ തീരദേശ ജനവിഭാഗം പ്രതിസന്ധിയിലാണ്. 2019-ലെ തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കണമെങ്കിൽ സംസ്ഥാന സർക്കാർ തീരദേശ പരിപാലന പദ്ധതി പുതുക്കി കേന്ദ്രാനുമതി വാങ്ങേണ്ടതുണ്ട്. എന്നാൽ മൂന്നുവർഷമായിട്ടും സംസ്ഥാന സർക്കാരിന് പദ്ധതിയുടെ പൂർണ്ണരൂപം തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് സാധിച്ചിട്ടില്ല. കായൽ തുരുത്തുകൾക്കും വേമ്പനാട് കായലിനുമുള്ള സമഗ്ര പരിപാലന പദ്ധതിരേഖ അടിയന്തരമായി തയ്യാറാക്കണം. മത്സ്യത്തൊഴിലാളികൾക്കും തദ്ദേശവാസികൾക്കും ഭവന നിർമ്മാണത്തിനായി നൽകിയിരുന്ന ഇളവുകൾ നിർത്തലാക്കുന്ന നിഷേധാത്മകമായ നിലപാടാണ് തീരദേശ പരിപാലന അതോറിറ്റി സ്വീകരിക്കുന്നത്. വിജ്ഞാപനത്തിലെ വ്യവസ്ഥകൾ ജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളുടെയും തദ്ദേശവാസികളുടെയും കെട്ടിടങ്ങൾ

നിയമവിധേയമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 2019 ജനുവരിയിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ മാർഗ്ഗരേഖ ജൂൺ മാസത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കുകയും തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 2019 ആഗസ്റ്റ് 20-ന് കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. 2021 ഏപ്രിലിൽ ലഭിച്ച പ്രീ ഡ്രാഫ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനാണ് 01-07-2021-ൽ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കാലതാമസം വരുത്തിയിട്ടില്ല. നഗരസ്വഭാവമുള്ള പ്രദേശങ്ങളെയെല്ലാം സി.ആർ.ഇസഡ്.2-ൽ ഉൾപ്പെടുത്തി പരമാവധി തീരദേശവാസികളെയും അവരുടെ ജീവനോപാധികളെയും സംരക്ഷിക്കുന്നതിനും പരിസ്ഥിതി സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരികയാണ്. നീർത്തടാടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണത്തിനും കൃഷി പരിപാലനത്തിനും സമഗ്രപദ്ധതി ജനകീയാടിസ്ഥാനത്തിൽ രൂപം നൽകാനും കായലുകളും പുഴകളും നൂതന

സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മാലിന്യരഹിതമാക്കാനും നടപടി എടുത്തിട്ടുണ്ട്. പ്രാദേശിക ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിഷ്കരിക്കുകയും അഞ്ചുവർഷംകൊണ്ട് നേടേണ്ട ജൈവവൈവിധ്യത്തിനുള്ള പ്രാദേശിക പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുന്നുണ്ട്. പ്രാദേശിക ജനവിഭാഗങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം ഉറപ്പാക്കി പശ്ചിമഘട്ട സംരക്ഷണ പദ്ധതിയും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം വീർപ്പുമുട്ടുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന് കിഫ്ബി മുഖേന 717.29 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. നാല് ഘട്ടങ്ങളിലായാണ് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നത്. 32 കോടി രൂപയുടെ ഒന്നാംഘട്ട പ്രവൃത്തിപോലും പൂർണ്ണമായി പൂർത്തീകരിക്കാൻ കരാറെടുത്ത മുംബൈ ആസ്ഥാനമായ കമ്പനിക്ക് സാധിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നാലുഘട്ട പ്രവൃത്തികളും ഒരുമിച്ച് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം നേടിയെടുത്ത് സമാന്തരമായി നടത്തുന്നതിനും ഇൻകെലിനെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര

വികസനത്തിന് ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്കുപുറമെ കിഫ്ബി ധനസഹായത്തോടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും 717.29 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായി ഇൻകെലിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. 2022 മാർച്ചിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്നാണ് ഇൻകെൽ അറിയിച്ചിട്ടുള്ളത്. മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മേൽനോട്ടത്തിനുമായി ഒരു നോഡൽ ഓഫീസറെയും കിഫ്ബി പദ്ധതിയുടെ നടത്തിപ്പിനായി ഒരു സ്പെഷ്യൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ലെങ്കിൽ കർശന നടപടി സ്വീകരിക്കുമെന്ന് നിർവ്വഹണ ഏജൻസിയെ അറിയിച്ചിട്ടുണ്ട്.

## (2) കായിക വിദ്യാഭ്യാസ പരിഷ്കരണം

ശ്രീ. പി. അബ്ദുൽ ഹമീദ്: കായിക വിദ്യാഭ്യാസ സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുന്നതിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ സിലബസിൽ ഉൾപ്പെടുത്തുന്നതിനും കായിക സർവ്വകലാശാല ആരംഭിക്കുന്നതിനും വിദ്യാലയങ്ങളിൽ ഒഴിവുള്ള കായികാദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിനും കോഴിക്കോട്

സർവ്വകലാശാല സ്റ്റേഡിയം അന്തർദേശീയ സ്റ്റേഡിയമായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കായിക സാക്ഷരത സംബന്ധിച്ച് കുട്ടികളിലും ചെറുപ്പക്കാരിലും അവബോധം സൃഷ്ടിക്കാനും കായിക വിദ്യാഭ്യാസ സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കാനും പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കായിക അവബോധം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ധാരണയായിട്ടുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കാനും അവരെ കായികരംഗത്തേയ്ക്ക് ആകർഷിക്കാനും സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകളാക്കാനും 'പ്ലേ ഫോർ ഹെൽത്ത്' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത്/മുനിസിപ്പൽതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 'എല്ലാ പഞ്ചായത്തിലും കളിക്കളം' എന്ന പദ്ധതിക്കായുള്ള സർവ്വേ നടപടികൾ പൂർത്തിയായി വരുന്നു. കളരി ഉൾപ്പെടെയുള്ള ആയോധനകലകൾ പ്രോത്സാഹിപ്പിക്കാനും 'യോഗ' കൂടുതൽ ജനകീയമാക്കാനും പൊതുവിദ്യാലയങ്ങളിൽ 'ഹെൽത്തി കിഡ്സ്' എന്ന പദ്ധതി നടപ്പാക്കാനും നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് പുതിയ

കായികനയം രൂപീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിനടുത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

## III. സബ്മിഷൻ

### 1. ശബരിമല സ്ത്രീപ്രവേശനം, പൗരത്വ ഭേദഗതി പ്രക്ഷോഭങ്ങളിലെ കേസുകൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): പൗരത്വഭേദഗതി നിയമത്തിനെതിരായ പ്രക്ഷോഭവുമായി ബന്ധപ്പെട്ട കേസുകളും ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട അക്രമസ്വഭാവമില്ലാത്ത കേസുകളും പിൻവലിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ശബരിമല സ്ത്രീപ്രവേശന വിഷയവുമായി ബന്ധപ്പെട്ടും പൗരത്വഭേദഗതി നിയമത്തെ തുടർന്നും സംസ്ഥാനത്തുണ്ടായ വിവിധ സംഭവങ്ങളിൽ ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് 26.02.2021-ലെ ഉത്തരവുപ്രകാരം അനുമതി നൽകിയിരുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ തൽസ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവി, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവികൾ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേസുകൾ

പിൻവലിക്കുന്നതിനുള്ള വിവരങ്ങൾ ക്രോഡീകരിച്ച് പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. കോടതിയുടെ പരിധിയിൽ വരുന്ന വിഷയമായതിനാൽ സർക്കാരിന് ഇക്കാര്യത്തിൽ പരിമിതിയുണ്ട്. സർക്കാർ തലത്തിലുള്ള നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

## 2. റാന്നിയിലെ കൈവശഭൂമിക്ക് പട്ടയം

ശ്രീ. പ്രമോദ് നാരായൺ: റാന്നിയിലെ കാലങ്ങളായി തുടർന്നുവരുന്ന സങ്കീർണ്ണമായ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻ റവന്യൂ/വനം/പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ സംയുക്തയോഗങ്ങളും പരിശോധനയും തുടർഇടപെടലുകളും സമയബന്ധിതമായി ഉണ്ടാകണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പത്തനംതിട്ട ജില്ലയിലെ റാന്നി-കോന്നി ഫോറസ്റ്റ് ഡിവിഷനിലുള്ള അരയാഞ്ഞിലിമൺ, കുടമുരട്ടി, ഒളികല്ല് എന്നീ ട്രൈബൽ സെറ്റിൽമെന്റുകളിലെ അനധികൃത കയ്യേറ്റം ക്രമവത്കരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി പട്ടയം അനുവദിക്കുന്നതിനുള്ള സംയുക്തപരിശോധനയിൽ ഉൾപ്പെട്ടിട്ടുണ്ട്. കൊല്ലമുള്ള വില്ലേജിലെ വിവിധ പ്രദേശങ്ങളിലെ കൃഷിക്കാർക്കും ദശാബ്ദങ്ങളായി കൈവശംവച്ച് അനുഭവിച്ചുവരുന്ന താമസക്കാർക്കും പട്ടയം

നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ മേഖലയിൽ താമസിക്കുന്ന ആദിവാസി ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം അനുവദിക്കുന്നതിന് വനം-റവന്യൂ വകുപ്പുകളുടെ സംയുക്തയോഗം ചേരുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. 1-1-1977-നു മുമ്പ് കൈവശംവച്ചുവരുന്ന വനഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനംവകുപ്പുമായി നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

### 3. WCS പട്ടയഭൂമിയിലെ പ്രശ്നങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിലെ WCS (Wayanad Colonization Scheme) പട്ടയഭൂമിയിൽ താമസിക്കുന്നവരുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട ചട്ടം ഭേദഗതി ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വയനാട് കോളനൈസേഷൻ പദ്ധതി പ്രകാരമുള്ള ചട്ടങ്ങൾ, കേരള ഭൂമി പതിവ് നിയമപ്രകാരം രൂപീകരിച്ചിട്ടുള്ളതിനാൽ കൈവശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ പരിശോധിച്ച് നിയമനടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ്. 1964-ലെ

ചട്ടപ്രകാരം വീടിനും കൃഷിക്കും കൃഷിയനുബന്ധ പ്രവർത്തനങ്ങൾക്കും മാത്രമേ ഭൂമി കൊടുക്കാൻ സാധിക്കുകയുള്ളൂ; അത് വീതിച്ചുകൊടുക്കാൻ സാധിക്കുമോയെന്നുള്ളത് നിയമപരമായി പരിശോധിക്കേണ്ടതാണ്. വയനാട്ടിലെ ഭൂരിപക്ഷം സ്ഥലങ്ങളും ഇത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുള്ളതായതിനാൽ നിയമവകുപ്പുമായി ആലോചിച്ച് ആശങ്ക പരിഹരിക്കാനുള്ള നടപടി പരിഗണനയിലാണ്.

## 4. കേരള ഗ്രാമീൺ ബാങ്കിന്റെ ഓഹരി മൂലധനം

ശ്രീ. ടി. പി. രാമകൃഷ്ണൻ: കേരള ഗ്രാമീൺ ബാങ്കിന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിലപാട് വ്യക്തമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): മൂലധനപര്യാപ്തത അനുപാതം 9 ശതമാനത്തിൽ കുറവായതുകൊണ്ട് ഗ്രാമീൺ ബാങ്കിന് വായ്പകൾ നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഓഹരി മൂലധനം വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്. ഗ്രാമീൺ ബാങ്കിനെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ സഹായം സർക്കാർ നൽകുന്നതാണ്. കേന്ദ്ര സർക്കാരും കാനറ ബാങ്കും ഓഹരി മൂലധനം വർദ്ധിപ്പിക്കാൻ തയ്യാറായാൽ ബാങ്കിന്റെ മൂലധനത്തിന് ആനുപാതികമായി നിക്ഷേപം നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 5. എക്സൽ ഗ്ലാസ് ഫാക്ടറിയുടെ പ്രവർത്തനം

ശ്രീ. പി. പി. ചിത്തരഞ്ജൻ: ആലപ്പുഴ എക്സൽ ഗ്ലാസ് ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): എക്സൽ ഗ്ലാസ് ഫാക്ടറിയുടെ പ്രവർത്തനങ്ങൾക്കായി കെ.എസ്.ഐ.ഡി.സി.-യും കെ.എഫ്.സി.-യും ചേർന്ന് 14.5 കോടി രൂപ വായ്പ നൽകിയെങ്കിലും കമ്പനി ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. കമ്പനി നടത്താനുള്ള പദ്ധതി ആരും സമർപ്പിക്കാത്തതിനാൽ ലിക്വിഡേഷനിലേയ്ക്ക് പോകുകയും ചില ജീവനക്കാർ ഹൈക്കോടതിയെ സമീപിച്ചതിന്റെയടിസ്ഥാനത്തിൽ ലിക്വിഡേഷൻ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുമെന്നും അപ്പീലുകൾ തീർക്കുന്നതുവരെ ലിക്വിഡേഷൻ വരുമാനം വിതരണം ചെയ്യാൻ പാടില്ലെന്നും ഹൈക്കോടതി വ്യവസ്ഥ ചെയ്തിരിക്കുകയാണ്. നിലവിൽ കമ്പനി ലിക്വിഡേഷനിലായതിനാൽ തുടർനടപടികളെ സംബന്ധിച്ചുള്ള തീരുമാനം കോടതിയുടെ പരിഗണനയിലാണ്.

## 6. കോലഞ്ചേരി ബൈപ്പാസ് നിർമ്മാണം

ശ്രീ. പി. വി. ശ്രീനിജിൻ: കോലഞ്ചേരി ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാഥമിക പരിശോധനയിൽ ഏകദേശം 30 കോടിയോളം രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയുൾപ്പെടെ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 7. കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ പ്രവർത്തനം

ശ്രീ. സി. ആർ. മഹേഷ്: കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ഗ്രാമീണ മേഖലയിലെ ബസ് സർവ്വീസുകളും മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള ബസ് സർവ്വീസുകളും പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ യാർഡ് വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊപ്പോസൽ അംഗീകരിക്കുന്ന മുറയ്ക്ക് വികസന പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

നഷ്ടത്തിലോടുന്ന ട്രിപ്പുകളും സർവ്വീസുകളും വരുമാനം ലഭിക്കുന്ന രീതിയിൽ പുന:ക്രമീകരിച്ചതിനുശേഷം യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

8. വൈക്കം താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീമതി സി. കെ. ആശ: വൈക്കം താലൂക്കാശുപത്രിയിൽ ഹൃദ്രോഗ വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): വൈക്കം താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി, ഫാർമസി സേവനങ്ങളും ലാബ് സൗകര്യങ്ങളും ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ചികിത്സാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഒരു ജില്ലയിലെ ഒരാശുപത്രിയിൽ കാത്ത് ലാബ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വൈക്കം താലൂക്കാശുപത്രിയിൽ ഹൃദ്രോഗ വിഭാഗം ആരംഭിക്കാൻ സാധിക്കുമോയെന്നകാര്യം പരിശോധിക്കുന്നതാണ്.

9. കണ്ണൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. എം. വിജിൻ: കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടിയുണ്ടാകണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കണ്ണൂർ സഹകരണ മെഡിക്കൽ കോളേജിലെ നോൺ-മെഡിക്കൽ വിഭാഗം ഒഴികെയുള്ള റെഗുലർ ജീവനക്കാരെ ഏറ്റെടുക്കുന്നതിനും മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനുമായി 1551 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയതിൽ 16.63 കോടി രൂപയും അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബിയിലുൾപ്പെടുത്തി 124.94 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി നിർദ്ദേശ പ്രകാരം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് മാറ്റങ്ങൾ വരുത്തി സമർപ്പിച്ച പദ്ധതിരേഖയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. നിലവിലെ ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കിഫ്ബിയിൽനിന്നും 29.78 കോടി രൂപയുടെ

സാമ്പത്തികാനുമതിയും സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. സമ്പൂർണ്ണ ട്രോമാകെയർ സംവിധാനം കണ്ണൂർ മെഡിക്കൽ കോളേജിൽ ഒരുക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.

10. പെരിന്തൽമണ്ണ താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. നജീബ് കാന്തപുരം: പെരിന്തൽമണ്ണ താലൂക്കാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2014-ൽ ജില്ലാ ആശുപത്രിയായി ഉയർത്തിയ പെരിന്തൽമണ്ണ താലൂക്കാശുപത്രിയിൽ വിവിധ ചികിത്സാ വിഭാഗങ്ങളും ഡയാലിസിസ് യൂണിറ്റും കോവിഡ്-കോവിഡാനന്തര ചികിത്സാ വിഭാഗവും പ്രവർത്തിച്ചുവരുന്നു. ആശുപത്രിയുടെ സമഗ്രവികസനത്തിനായി അനുവദിച്ച 11.89 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം. ഫണ്ടിൽനിന്നും 1.24 കോടി രൂപ അനുവദിക്കുകയും ആർദ്രം കർമ്മ പദ്ധതിപ്രകാരം ഏഴ് സ്ഥിരം ജീവനക്കാരുടെ തസ്തികകൾ

സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## IV. ക്രമപ്രശ്നം

<u>വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: പൊതുസമൂഹത്തിന് പ്രാപ്യമല്ലാതിരുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ട 2005-ലെ വിവരാവകാശ നിയമം സെക്ഷൻ 25 (1) പ്രകാരം ഓരോവർഷവും വിവരാവകാശ കമ്മീഷൻ സർക്കാരിലേയ്ക്ക് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ 2014-15, 2015-16 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ മാത്രമാണ് നിലവിൽ സഭയുടെ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. നിയമസഭയുടെയും ജനങ്ങളുടെയും അവകാശം ഹനിക്കുന്ന സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിനാവശ്യമായ റൂളിംഗ് നൽകണം.

<u>മി. സ്പീക്കർ</u>: ക്രമപ്രശ്നത്തിന്മേലുള്ള മുഖ്യമന്ത്രിയുടെ മറുപടിയും റൂളിംഗും ഒക്ടോബർ 20-ന് നൽകുന്നതാണ്.

## V. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ
(ii) 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ
(iii) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ
(iv) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാകുന്നതോടുകൂടി തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷനും

സംരക്ഷണവും ഉറപ്പുവരുത്തുന്ന ആദ്യ സംസ്ഥാനമായി കേരളം മാറും. ആസൂത്രണത്തിനും വികസന പ്ലാനുകൾക്കും പുതിയ ദിശാബോധം നൽകുന്ന രീതിയിലാണ് 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ തയ്യാറാക്കിയിരിക്കുന്നത്. ദുരന്തങ്ങൾ സൃഷ്ടിക്കുന്ന ആഘാതം അതിജീവിക്കാനുള്ള സാഹചര്യമൊരുക്കാനാണ് ഇത്തരത്തിലൊരു ഭേദഗതി ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാലാകാലങ്ങളിൽ ആവശ്യമുള്ളപക്ഷം അനായാസേന പദ്ധതികൾക്ക് മാറ്റം വരുത്തി നടപ്പാക്കുന്നതിനാണ് പ്രയോറിറ്റി ആക്ഷൻ പ്ലാനായി ഭേദഗതി ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ എന്നിവയുടെ ഭാഗമായി എല്ലാ വകുപ്പുകളിലും ഈസ് ഓഫ് ഡൂയിംഗ് ബിസിനസുമായി ബന്ധപ്പെട്ട നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിടനിർമ്മാണാനുമതി പെർമിറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ കൂടുതൽ ഫലപ്രദമായി നടത്തുന്നതിനുള്ള നടപടികളും തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. സർക്കാർ സംവിധാനത്തെ ലളിതമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രധാനപ്പെട്ട ഭേദഗതികളാണ് ഈ ബില്ലുകളിൽ വരുത്തിയിട്ടുള്ളത്.

ശ്രീ. റോജി എം. ജോൺ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വകുപ്പ് 5 പ്രകാരമുള്ള ക്ഷേമനിധി അംഗത്വത്തിന്റെ പ്രായപരിധി ഉയർത്തുകയും ക്ഷേമനിധിയിൽ അംഗത്വം ലഭിക്കാത്തവരും വർഷങ്ങളായി തൊഴിലെടുക്കുന്നവരുമായ തൊഴിലാളികൾക്ക് ക്ഷേമനിധി അംശദായം ഒറ്റത്തവണയായി അടച്ച് പദ്ധതിയിൽ അംഗമാകുന്നതിന് അവസരമൊരുക്കുകയും അംശദായം അടയ്ക്കുമ്പോൾ സർക്കാർ സബ്സിഡി അനുവദിക്കുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും വേണം. 10 വർഷത്തിലധികമായി ജോലി ചെയ്യുന്ന 60 വയസ്സിന് മുകളിലുള്ള തൊഴിലാളികൾ മരണപ്പെട്ടാൽ അവരുടെ കുടുംബാംഗങ്ങൾക്കുകൂടി കുടുംബപെൻഷൻ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണമുണ്ടാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ജോലിഭാരം കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. തനത് ഫണ്ട് ട്രഷറിയിൽമാത്രം നിക്ഷേപിക്കണമെന്ന ഉത്തരവ് പിൻവലിക്കാൻ തയ്യാറാകണം.

ശ്രീ. പി. ഉബൈദുള്ള: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2005-ൽ ആരംഭിച്ച മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് 15

വർഷങ്ങൾക്കുശേഷമാണ് ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നത്. രാഷ്ട്രപിതാവിന്റെയും അയ്യങ്കാളിയുടെയും നാമങ്ങൾ ക്ഷേമനിധിയിൽനിന്നും ഒഴിവാക്കുന്നത് പുനഃപരിശോധിക്കണം. ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുന്നതിനും ക്ഷേമനിധിയൽ അംഗത്വം ലഭിക്കാത്തവർക്കും വർഷങ്ങളായി തൊഴിലെടുക്കുന്നവർക്കും ക്ഷേമനിധി അംശദായം ഒറ്റത്തവണ അടച്ച് പദ്ധതിയിൽ അംഗമാകുന്നതിനും നടപടി സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതിയുടെ കൂലി വർദ്ധിപ്പിച്ച് പുരുഷതൊഴിലാളികളെക്കൂടി ആകർഷിക്കുന്നതിനും തൊഴിൽ ഉറപ്പ് വരുത്തുന്നതിനും നടപടിയുണ്ടാകണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി പദ്ധതി ആവിഷ്കരിക്കാനുള്ള അധികാരം നൽകുന്നതോടൊപ്പം തനത് ഫണ്ട് ട്രഷറിയിൽമാത്രം നിക്ഷേപിക്കണമെന്ന തീരുമാനം പിൻവലിക്കുന്നതിനും തയ്യാറാകണം. ജൽജീവൻ മിഷൻ പദ്ധതിയിൽ മുനിസിപ്പാലിറ്റികളെക്കൂടി ഉൾപ്പെടുത്തുന്നതിനും പഞ്ചായത്ത് മുൻമെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കർമ്മനിരതരായ ആർ.ആർ.ടി. വോളണ്ടിയർമാർക്ക് അലവൻസ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. ജെ. വിനോദ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേന്ദ്ര സർക്കാരിന്റെ ടൗൺ പ്ലാനിംഗ് ആക്ടിന് വിരുദ്ധമായാണ് 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ അവതരിപ്പിച്ചിരിക്കുന്നത്. പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി പഞ്ചവത്സര പ്ലാൻ ഇല്ലാതാകുകയും കാലാനുസൃതമായ മുൻഗണനാക്രമങ്ങൾ തീരുമാനിക്കാൻ സാധിക്കാതെ വരികയും ചെയ്യും. തൊഴിലുറപ്പ് മേഖലയിലെ തൊഴിലാളികളിൽ ക്ഷേമനിധി അംഗത്വ പ്രായപരിധി ഉയർത്തുകയും അംഗത്വം ലഭിക്കാത്തവരും വർഷങ്ങളായി തൊഴിലെടുക്കുന്നതുമായ തൊഴിലാളികൾക്ക് അംശദായം ഒറ്റത്തവണയായി അടച്ച് പദ്ധതിയിൽ അംഗമാകുന്നതിന് അവസരമൊരുക്കുകയും അംശദായത്തിന് സർക്കാർ സബ്സിഡി അനുവദിക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും വേണം. മറ്റ് പെൻഷനുകൾ ലഭിക്കുന്നവർക്ക് ക്ഷേമപെൻഷനുകൾ ലഭിക്കില്ലെന്ന വ്യവസ്ഥയിൽനിന്ന് തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇളവ് അനുവദിക്കണം. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുക നൽകുന്നതിനും തനത് ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുന്നതിനും ഇടപെടൽ നടത്തണം. അപേക്ഷ നൽകി 5 ദിവസത്തിനുള്ളിൽ നൽകുന്ന കൈപ്പറ്റ് രസീതിന് അനുസൃതമായി

കെട്ടിടമുടമയ്ക്ക് നിർമ്മാണമോ പുനർനിർമ്മാണമോ തുടങ്ങാൻ അനുമതി നൽകുന്നത് 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇതുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തത വരുത്തണം.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതനുസരിച്ചുപ്രകാരം ശ്രീ. രമേശ് ചെന്നിത്തല: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. രാഷ്ട്രപിതാവിന്റെ പേരിൽ ആരംഭിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ എന്ന പേര് നൽകുന്ന കാര്യം പരിശോധിക്കണം. ഗ്രാമീണ ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും സ്ത്രീകളുടെ വരുമാനം ഉയർത്താനുമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയത്. തൊഴിലുറപ്പ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള രീതിയിൽ തൊഴിലാളികളുടെ വേതനം സമയബന്ധിതമായി വിതരണം ചെയ്യാനും തൊഴിൽ ദിനങ്ങളുടെ എണ്ണം 200 ദിവസമായി വർദ്ധിപ്പിക്കാനും ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കാനും കാർഷിക മേഖലയിൽ വിപുലമായ

ഇടപെടലിനുള്ള സ്വാതന്ത്ര്യവും അവകാശവും ലഭ്യമാക്കാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. മൃഗസംരക്ഷണ മേഖലയിൽ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. തീരദേശത്തും മത്സ്യമേഖലയിലും തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും പ്രതിസന്ധി നേരിടുന്ന തീരദേശവാസികൾക്കായി കർമ്മപദ്ധതികൾ ആവിഷ്കരിക്കാനും നടപടി സ്വീകരിക്കണം. കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ജോലികൾ ഏറ്റെടുത്ത് നടപ്പാക്കണം. തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനായി പ്രത്യേക ബോർഡ് രൂപീകരിക്കേണ്ടതുണ്ടോയെന്ന കാര്യം ആലോചിക്കണം. മറ്റ് ക്ഷേമനിധി ബോർഡുകളിൽനിന്നും ക്ഷേമ പെൻഷനുകളോ ആനുകൂല്യങ്ങളോ ലഭിക്കുന്നതിന്റെ പേരിൽ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പെൻഷനും ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കണം. ബില്ലിലെ 27-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള 'നിലവിൽ മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ സഞ്ചിത തുക പ്രസ്തുത ക്ഷേമനിധി ബോർഡിലേയ്ക്ക് കൈമാറണമെന്ന വ്യവസ്ഥ' ഒഴിവാക്കണം. ക്ഷേമനിധി

ബോർഡിലേയ്ക്ക് ഗവൺമെന്റ് നൽകേണ്ട ഗ്രാന്റ് കൃത്യമായി ലഭ്യമാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. രാജഗോപാലൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2005-ൽ പാർലമെന്റ് പാസ്സാക്കി വിജ്ഞാപനം ചെയ്ത നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള കൂലി യഥാസമയം ലഭ്യമാക്കുന്നതിനും കേന്ദ്ര തൊഴിലുറപ്പ് നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള പണിയായുധം സൗജന്യമായോ വാടകയ്ക്കോ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. തൊഴിലിടങ്ങളിൽവച്ച് അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് സമയബന്ധിതമായി ചികിത്സ ലഭ്യമാക്കുകയും സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുകയും സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും പ്രസവാനുകൂല്യം അനുവദിക്കുകയും വേണം. തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും ദരിദ്ര വിഭാഗങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ തൊഴിലുറപ്പ്

തൊഴിലാളികൾക്കുകൂടി ബാധകമാക്കുകയും അപകടമരണം സംഭവിക്കുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് ക്ഷേമനിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ ലഭ്യമാക്കുകയും വേണം. പത്ത് വർഷം ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ അനുവദിക്കുന്നതും തൊഴിൽ മേഖലയിൽ നിന്നും പിരിഞ്ഞുപോകുന്നവർക്ക് ക്ഷേമനിധിയിൽ അടച്ച തുക തിരികെ നൽകുന്ന കാര്യവും പരിഗണിക്കണം.

<u>ശ്രീ. സജീവ് ജോസഫ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2021-ലെ സെൻസസിനുമുമ്പ് വാർഡ് വിഭജനം നടത്തുന്നതിനുള്ള ആറാം വകുപ്പിലെ ഭേദഗതി നീക്കം ചെയ്യണം. സാംക്രമികരോഗം ബാധിച്ചവർക്ക് വോട്ട് ചെയ്യാൻ ഒരു മണിക്കൂർ സമയം പ്രത്യേകമായി നൽകിയിട്ടുള്ളതിനാൽ തപാൽ വോട്ടിന് അവസരം നൽകേണ്ടതുണ്ടോയെന്ന കാര്യം പരിശോധിക്കണം. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിക്കാനുള്ള നീക്കം ഉപേക്ഷിക്കണം. കെട്ടിടത്തിന്റെ ഉടമസ്ഥൻ/ലൈസൻസി സംയുക്തമായി രേഖാമൂലമോ ഓൺലൈൻ മുഖേനയോ നൽകുന്ന നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ സാക്ഷ്യപത്രമെന്ന് ബില്ലിൽ നിഷ്കർഷിക്കുകയും

അപേക്ഷാ ഫോറത്തിൽ നിയമലംഘനം നടന്നതായി കണ്ടെത്തിയാൽ പിഴ ഒടുക്കി സ്വന്തം ചെലവിൽ നിർമ്മിതി പൊളിച്ചുമാറ്റി സ്ഥലം പൂർവ്വസ്ഥിതിയിലാക്കാൻ ബാധ്യസ്ഥനാണെന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തുകയും ചെയ്യണം. അനധികൃത കെട്ടിട നിർമ്മാണം ബോധ്യപ്പെട്ടാൽ നോട്ടീസ് നൽകി 15 ദിവസത്തിനകം കെട്ടിടം പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം ട്രഷറികളിൽ നിക്ഷേപിക്കണമെന്ന തീരുമാനം പിൻവലിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണം. കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാനും പഞ്ചായത്തുകൾക്കുള്ള ഫണ്ട് വർദ്ധിപ്പിക്കാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും പ്രകൃതി ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും പ്രത്യേക ഫണ്ട് അനുവദിക്കാനും മഴക്കെടുതിയെത്തുടർന്നുണ്ടാവുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായ പദ്ധതി പ്രഖ്യാപിക്കാനും സർക്കാർ തയ്യാറാകണം. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കായി ആസൂത്രണ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ലിന്റോ ജോസഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള

പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാധാരണക്കാർക്ക് പ്രയാസം സൃഷ്ടിക്കുന്ന വിഷയങ്ങളിൽ സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. ത്രിതല പഞ്ചായത്ത് സംവിധാനത്തെ കാര്യക്ഷമമാക്കുന്നതിനും നവകേരള സൃഷ്ടിക്കുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും കേരളത്തെ മാലിന്യമുക്തമാക്കുന്നതിനും കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. വിവിധ ക്ഷേമപെൻഷനുകളുടെ തുക വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ ജനങ്ങളിലെത്തിക്കാനും ത്രിതല പഞ്ചായത്തുകളുടെ സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീമതി ഒ. എസ്. അംബിക ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നഗരാസൂത്രണം സംബന്ധിച്ച് സമഗ്രവും

കാലോചിതവുമായ ചട്ടങ്ങളില്ലാത്തതിനാൽ സ്ഥലലഭ്യതയ്ക്കനുസരിച്ച് വാർഷിക പദ്ധതികൾ തയ്യാറാക്കാൻ കഴിയാത്തത് പുതിയ ഭേദഗതിയിലൂടെ പരിഹരിക്കാൻ കഴിയും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏകീകരണത്തിനും പ്രാദേശികാസൂത്രണത്തിലും വികസന പ്രക്രിയയിലും വലിയ മാറ്റങ്ങൾക്ക് നാന്ദി കുറിക്കാനുതകുന്ന തരത്തിൽ നഗര ഗ്രാമാസൂത്രണം ചിട്ടപ്പെടുത്താനും ഈ ബില്ലിലൂടെ സാധിക്കും. ഈ ഭേദഗതിയിലൂടെ അധികാര വികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കാൻ കഴിയും. ഖര-ദ്രവ മാലിന്യസംസ്കരണത്തിന് സ്വീവറേജ് സംവിധാനം ഏർപ്പെടുത്തണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഡീസെൻട്രലൈസേഷന് വിരുദ്ധമായ വ്യവസ്ഥകളാണ് ഈ ഭേദഗതി ബില്ലിൽ ഉള്ളത്. ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുപകരം വികേന്ദ്രീകരണത്തിന്റെ പേരിൽ പ്രദേശങ്ങളെ വിഘടിപ്പിക്കുന്ന നിലപാട് തിരുത്തണം. ഭരണഘടനയുടെ 243-ാം അനുച്ഛേദപ്രകാരമുള്ള ജില്ലാതല പ്ലാനിംഗ് മെതഡോളജി ആവിഷ്കരിക്കേണ്ടതും ദീർഘകാല പെർസ്പെക്റ്റീവ് പ്ലാനും എക്സിക്യൂഷൻ

പ്ലാനും തയ്യാറാക്കേണ്ടതുമാണ്. പെർസ്പെക്ടീവ് പ്ലാൻ റെഗുലേറ്ററി സ്വഭാവമുള്ളതിനാൽ മാനദണ്ഡങ്ങളിലെ ചെറിയ വ്യതിയാനങ്ങൾപോലും നിയമപ്രശ്നങ്ങൾക്ക് വഴിവയ്ക്കുകയും പ്രാദേശിക വികസനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. അഞ്ചുവർഷത്തേയ്ക്കുള്ള എക്സിക്യൂഷൻ പ്ലാനുകൾ പൂർണ്ണമായും ഒഴിവാക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുൻഗണനയ്ക്കനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും.

ശ്രീ. പി. നന്ദകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എൻ. കെ. അക്ബർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയമം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകി അവയെ ശക്തിപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തദ്ദേശഭരണ മേഖലയിൽ ഏകജാലക സംവിധാനം കൊണ്ടുവരികയും സേവനങ്ങളെല്ലാം സൗജന്യമായി ലഭ്യമാക്കുകയും സർട്ടിഫിക്കറ്റുകളുടെ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അധികാര

വികേന്ദ്രീകരണ രംഗത്ത് ഒരു പുതിയ കാൽവയ്പ്പായി ഈ ബിൽ മാറുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതനുസരിച്ചുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. "സാംക്രമികരോഗം ബാധിച്ച ഏതൊരാളും" എന്നത് "തത്സമയം സാംക്രമികരോഗം ബാധിച്ച ഏതൊരാളും" എന്ന് ഭേദഗതി വരുത്തിയതിനെ സ്വാഗതം ചെയ്യുന്നു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആ സമയത്ത് നോട്ടിഫൈ ചെയ്യുന്ന സാംക്രമികരോഗം ബാധിച്ചയാൾക്ക് മാത്രമേ പോസ്റ്റൽ വോട്ട് ചെയ്യാനുള്ള അവസരമുണ്ടാകാൻ പാടുള്ളൂ. "കുറഞ്ഞ അപകട സാധ്യതയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷ" എന്ന വ്യവസ്ഥ ദുരുപയോഗം ചെയ്യാനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെയും പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനും ക്ഷേമം

ഉറപ്പുവരുത്തുന്നതിനുമായി കൊണ്ടുവരുന്ന നിയമത്തിന് '2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ' എന്ന് പേര് നൽകാവുന്നതാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ജനകീയാംഗീകാരം നേടിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിഘട്ടത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി പ്ലാൻ ഫണ്ട് നൽകാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 5 ലക്ഷം ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതി മുഖേന വീട് നിർമ്മിച്ച് നൽകുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് നൽകിവരുന്ന കൂലി വർദ്ധിപ്പിക്കണമെന്ന അഭിപ്രായമാണ് സർക്കാരിനുള്ളത്. അധികാര വികേന്ദ്രീകരണം താഴെത്തട്ടിൽ ഫലപ്രദമായി നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രകൃതിക്ഷോഭങ്ങളുൾപ്പെടെയുള്ള അടിയന്തര സാഹചര്യങ്ങളിൽ കൃത്യമായ എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കി പ്രാദേശിക സ്ഥാപനങ്ങൾക്ക് ഇടപെടാനുള്ള സൗകര്യമൊരുക്കും. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗിലൂടെയുള്ള സോഷ്യൽ ഓഡിറ്റിംഗാണ് നടക്കുന്നത്. മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതുസംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധിക്കുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് പിൻവലിക്കാമെന്ന ഉറപ്പോടുകൂടിയാണ് ട്രഷറിയിൽ സൂക്ഷിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

തദ്ദേശഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ):

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(1) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

679. ഖണ്ഡം 2(ഇ)-ക്ക് ശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കുക.

" വിശദീകരണം:- അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നാൽ 2010 സെപ്റ്റംബർ 13-ാം തീയതിയിലെ സ.ഉ.(കൈ) നം. 210/2010/തസ്വഭവ. എന്ന സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച പദ്ധതി എന്നർത്ഥമാകുന്നു. "

149, 150, 152, 153, 156, 157, 161, 162, 163, 168, 169, 171, 173, 175, 176, 177 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

177-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടുകൂടി മന്ത്രി സ്വീകരിച്ചു.

177. ഖണ്ഡം 2(ഒ)-യ്ക്ക് ശേഷം ചുവടെ ചേർത്തിരിക്കുന്ന ഉപഖണ്ഡം (എൻ) ചേർക്കുക.

"(എൻ) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ പട്ടിക എന്നർത്ഥമാകുന്നു."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

680. ഖണ്ഡം 3(4)(ഡി)-ൽ "തിരികെ നൽകുന്നതിന്" എന്നവാക്കുകൾക്ക് പകരം "തിരികെ നൽകുന്നതിനും അവശതാപെൻഷൻ അനുവദിക്കുന്നതിനും" എന്നീവാക്കുകൾ ചേർക്കുക;" ;

178, 179, 180, 181, 182, 183, 184, 186, 187, 189, 190, 192, 196, 197, 198, 199, 200, 203, 204, 206, 208, 209, 210, 211, 212, 214, 215, 216, 217, 218, 221, 222, 224, 225, 226, 227, 228, 229, 231, 236, 242, 243, 244, 245, 246, 247, 251, 253 255, 256, 257, 258, 259, 260, 264, 265, 267, 269, 270, 271, 272, 273, 274, 275, 276 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

681. ഖണ്ഡം 4(5)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭാ, പ്രസ്തുത വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്:" .

277, 280, 287, 290, 291, 293, 295, 297, 298, 299, 300, 301, 302, 303, 304, 305, 306, 307, 308, 309, 311, 312, 313, 314, 316, 317, 318 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

319, 322, 328, 331, 332, 333, 334, 336, 337, 341, 342, 343, 344, 345, 346, 349, 350, 351 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

682. ഖണ്ഡം 6(1)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, അംശദായം അടയ്ക്കാതിരുന്നത് ന്യായമായ കാരണങ്ങളാലാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോധ്യമാകുന്നപക്ഷം, അപ്രകാരം വീഴ്ച വരുത്തിയ ആൾ, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന രീതിയിൽ അംശദായ കുടിശ്ശിക അടയ്ക്കുമ്പോൾ, അയാളുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതാണ്."

355, 357, 358, 363, 364, 365, 366, 367, 372, 373, 374, 375, 376, 378, 379, 380, 381, 382 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഏഴാം വകുപ്പ്

384, 385, 386, 387, 388 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

389, 390, 391, 392, 396, 397, 398, 399, 400, 401, 402, 404, 405, 406, 407, 408, 409, 410, 411, 415, 416, 417, 419, 420, 421, 422, 423, 424, 425, 426, 429, 434, 435 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

